പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 949 — 03.12. 2014 ൽ മറുപടിക്ക്.

## കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ്; ഇത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 03.01.2011 -ലെ സ .ഉ (എം. എസ്) നമ്പർ. 01/2011/തൊഴിൽ പ്രകാരമാണ് കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന തരത്തിൽ ഒരു ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കശുവണ്ടി വ്യവസായത്തിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 03.07.2014 ലെ സ. ഉ.(എം. എസ്) നമ്പർ. 75/2014/തൊഴിൽ ഉത്തരവ് പ്രകാരം കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പല തവണ യോഗം ചേർന്ന് ചർച്ച നടത്തുകയും തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂലി പുതുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

(ബി) ജീവിതച്ചെലവിനനുസൃതമായി അഞ്ചു വർഷത്തിലൊരിക്കൽ മിനിമം കൂലി പുതുക്കണമെന്ന വ്യവസ്ഥയുണ്ടോ, എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ബി) 1948 - ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് 3 (1) (ബി) പ്രകാരം അഞ്ചു വർഷം കഴിയുന്നതിനുമുമ്പ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരം കശുവണ്ടി വ്യവസായത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ ബന്ധസമിതിയെ മിനിമം വേതന നിയമം അനുശാസിക്കുംവിധം 03.07.2014 ലെ സ. ഉ.(എം. എസ്) നമ്പർ. 75/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നടപടികൾ അവസാന ഘട്ടത്തിലാണ്.

സെക്ഷൻ ആഫീസർ.